# Visit of Minister of State for External Affairs Shri V. Muraleedharan to the Republic of The Gambia and the Republic of Senegal (1-5 November 2021)

October 27, 2021

---

**വിദേശകാര്യ സഹമന്ത്രി ശ്രീ വി മുരളീധരന്റെ ഗാംബിയ റിപബ്ലിക്, സെനഗാൾ റിപബ്ലിക് എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം (1-5 നവംബർ 2021)**

ഒക്ടോബർ 27, 2021

വിദേശകാര്യ, പാർലമെന്ററി കാര്യ സഹമന്ത്രി ശ്രീ വി. മുരളീധരൻ 2021 നവംബർ 1 മുതൽ 5 വരെയുള്ള തിയ്യതികളിൽ ഗാംബിയ റിപ്പബ്ലിക്ക്, സെനഗൽ റിപ്പബ്ലിക്കിക്ക് എന്നിവിടങ്ങളിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. ഇത് ഇരു രാജ്യങ്ങളിലേക്കുമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമായിരിക്കും. .

2. 2021 നവംബർ 1-2 വരെയുള്ള തന്റെ ഗാംബിയ സന്ദർശന വേളയിൽ, വിദേശകാര്യ സഹമന്ത്രി ഗാംബിയ റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് അദമബരോയുമായി കൂടികാഴ്ച നടത്തും ഇതിനു പുറമേ വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രി ഡോ. മമദൗതംഗാരയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. സന്ദർശന വേളയിൽ ചില കരാറുകളും ധാരണാപത്രങ്ങളും ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗാംബിയയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

3. 2021 നവംബർ 4-5 വരെയുള്ള സെനഗൽ സന്ദർശന വേളയിൽ, മൂന്നാം ഇന്ത്യ-സെനഗൽ ജോയിന്റ് കമ്മീഷൻ മീറ്റിംഗിൽ (JCM) സനഗലീസ് വിദേശകാര്യമന്ത്രി അയ്സത താൾ സാളിനോപ്പം സഹ-അധ്യക്ഷത വഹിക്കും. MoS റിപ്പബ്ലിക് ഓഫ് സെനഗൽ പ്രസിഡന്റ് മക്കിസാലൈനുമായി കൂടികാഴ്ച നടത്തും. സന്ദർശന വേളയിൽ, സായുധ സേനാ മന്ത്രി ശ്രീ. സിദികി കബയെയും മറ്റ് വിശിഷ്ടാതിഥികളെയും കാണുകയും ചില കരാറുകൾ / ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്യും .ഡാക്കറിലെ ഇന്ത്യൻ സമൂഹത്തെ അദ്ദേഹം അഭിസംബോധന ചെയ്യും.

4. ഗാംബിയയുമായും സെനഗലുമായും ഇന്ത്യ ഊഷ്മളവും സൗഹാർദ്ദപരവും സഹകരനാടിസ്ഥാനത്തിലുള്ളതുമായ ബന്ധമാണുള്ളത്. വർഷങ്ങളായി, ഗാംബിയയിലെയും സെനഗലിലെയും യുവ തരമുരയുടെ നൈപുണ്യ വികസനത്തിൽ ഇന്ത്യ മുൻപന്തിയിലാണ്. ഈ രണ്ട് രാജ്യങ്ങളുമായുള്ള നമ്മുടെ ഉഭയകക്ഷി ബന്ധത്തിന്റെ ആക്കം നിലനിർത്താൻ സഹമന്ത്രിയുടെ സന്ദർശനം സഹായിക്കും.

ന്യൂ ഡെൽഹി

ഒക്ടോബർ 27, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.